ഇറിഗേഷൻ വകുപ്പിന്റെ മേൽനോട്ടത്തിൽ സുനാമി ബാധിത പ്രദേശമായ ഞാറയ്ക്കൽ നിയോജകമണ്ഡലത്തിലെ എടവനക്കാട് പഞ്ചായത്ത് മായ ബസാറിലെ ചാത്തങ്ങാട് തോടിന്റെ പാർശ്വഭിത്തി സംരക്ഷണ പണി ആരംഭിക്കുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഇക്കാര്യത്തിൽ ജലവിഭവവകുപ്പ് നടപടികൾ സ്വീകരിച്ചു വരികയാണ്.

ദുരിതാശ്വാസത്തിന് കേന്ദ്ര സഹായം

82 [1815] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളപ്പൊക്കം, വരൾച്ച, സുനാമി തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളുടെ ഫലമായി എത്ര കോടി രൂപയുടെ നാശനഷ്ടങ്ങൾ കേരളത്തിലുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതേ കാലയളവിൽ കേന്ദ്ര സഹായം അഭ്യർത്ഥിച്ചുകൊണ്ട് ഓരോ ഘട്ടത്തിലും സർക്കാർ ആവശ്യപ്പെട്ട സഹായം എത്ര കോടി രൂപ വീതമായിരുന്നു;

(സി) ഓരോ ഘട്ടത്തിലും കേന്ദ്ര സഹായമായി എത്ര കോടി രൂപ വീതം ലഭിക്കുകയുണ്ടായി?

ഉത്തരം

(എ), (ബി) & (സി) വിവരം ശേഖരിച്ചു വരുന്നു.

വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട്

83 [1817] *ഡോ. എം. എ. കുട്ടപ്പൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന രണ്ട് ലക്ഷം രൂപയ്ക്കുമേൽ എസ്റ്റിമേറ്റ് തുക വരുന്ന പണികൾ ടെൻഡർ ചെയ്യണമെന്ന നിർദ്ദേശം ഉള്ളതിനാൽ പ്രവൃത്തികൾ തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവ പരിഹരിക്കുവാൻ സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പണികൾ ടെൻഡർ ചെയ്യുവാനുള്ള ചുമതല ആരുടേതാണ്; അതിന്റെ ചെലവ് ആര് വഹിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതുമായി ബന്ധപ്പെട്ട് ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) & (സി) 1-9-2004-ലെ ജി. ഒ. (എം.എസ്.) നമ്പർ 272/04/ആർ.ഡി. ഉത്തരവ് പ്രകാരം ജില്ലാകളക്ടർമാർ നഗരപ്രദേശങ്ങളിൽ പൊതുമരാമത്ത് വകുപ്പ് (സ്പെഷ്യൽ ബിൽഡിംഗ്സ്) ഡിവിഷൻ മുഖേനയും, ഗ്രാമപ്രദേശങ്ങളിൽ വികസന ബ്ലോക്കുകൾ വഴിയുമാണ് ഈ പ്രവൃത്തികൾ ചെയ്യിക്കേണ്ടത്. ദർഘാസ് പരസ്യങ്ങൾ പ്രസിദ്ധീകരണത്തിനുവേണ്ടി ജില്ലാകളക്ടർമാർ മുഖേന ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്കു സമർപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

അഡ്വക്കേറ്റ്സ് വെൽഫയർ ഫണ്ട്

84 [1818] *ശ്രീ. ടി. യു. രാധാകൃഷ്ണൻ :*

„ *കെ. എ. ചന്ദ്രൻ:*

„ *പി. ജെ. ജോയി:*

ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്വക്കേറ്റ്സ് വെൽഫയർ ഫണ്ടിലേക്കുള്ള വരവിനങ്ങൾ എന്തെല്ലാമാണ്; ഇതുസംബന്ധിച്ച തുക ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തു തുകയുടെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വക്കീലന്മാർ, ബാർകൗൺസിൽ, ഗവൺമെന്റ് എന്നിവരുടെ വിഹിതത്തിലുള്ള കുടിശ്ശിക എത്രയാണ്;

(സി) ക്ഷേമനിധി ഫണ്ട് സ്ഥാപനത്തിൽ പ്രതിവർഷം എന്തു തുക കിട്ടുന്നുണ്ട്;

(ഡി) ഇപ്പോൾ ഈ ഫണ്ടിൽ എന്തു തുക മിച്ചമുണ്ട്; ഈ ഫണ്ടിൽ നിന്നു ആനുകൂല്യം കിട്ടേണ്ട എത്രപേർക്ക് 31-5-2005-ലെ കണക്കനുസരിച്ച് തുക കൊടുക്കാതെയുണ്ട്?

ഉത്തരം

(എ) 1980-ലെ കേരള അഡ്വക്കേറ്റ്സ് വെൽഫയർ ഫണ്ട് ആക്റ്റിലെ വകുപ്പ് 3 (2) അനുസരിച്ച് ഫണ്ടിലേക്ക് താഴെ പറയുന്നവ വരവുവെയ്ക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly